**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1045.** **01.03.2017 ന് മറുപടിയ്ക്ക്**

## ലഹരി വസ്തുക്കളുടെ ഉപയോഗവും അനധികൃത വില്പനയും

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൻ .എ.നെല്ലിക്കുന്ന് :</td><td colspan="2">ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>കാസർഗോഡ് ജില്ലയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും അനധികൃതമായ വില്പനയും തടയുന്നതിന് നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;</td><td>(എ)</td><td>കാസർഗോഡ് ജില്ലയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും അനധികൃതമായ വിൽപനയും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കൂടാതെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"-യുടെ ഭാഗമായി മുൻസിപ്പാലിറ്റി/ ബ്ലോക്ക് പഞ്ചായത്ത്/ വാർഡ് തലങ്ങളിലുള്ള കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും, ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുള്ള ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിന് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തിട്ടുള്ളതുമാണ്.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ മണ്ഡലം തിരിച്ചുള്ള എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ;</td><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ മണ്ഡലം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><th>മണ്ഡലം</th><th>അബ്കാരി കേസുകൾ</th><th>എൻ.ഡി.പി.എസ്. കേസുകൾ</th></tr>
<tr><td>മഞ്ചേശ്വരം</td><td>194</td><td>14</td></tr>
<tr><td>കാസർഗോഡ്</td><td>247</td><td>13</td></tr>
<tr><td>ഉദുമ</td><td>54</td><td>5</td></tr>
<tr><td>കാഞ്ഞങ്ങാട്</td><td>38</td><td>2</td></tr>
<tr><td>തൃക്കരിപ്പൂർ</td><td>93</td><td>1</td></tr>
<tr><td>ആകെ</td><td>626</td><td>35</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്തത് ഏതെല്ലാം കുറ്റങ്ങളുടെ പേരിലാണെന്ന് വ്യക്തമാക്കുമോ ; ഈ കേസുകളിൽ ശിക്ഷ നടപ്പാക്കിലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ? | (സി) | മേൽപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ അനധികൃതമായി വാഷ്, ചാരായം, സ്പിരിറ്റ്, മദ്യം മുതലായവ കടത്തിക്കൊണ്ടുവന്നതിനും അളവിൽ കൂടുതൽ മദ്യം കൈവശം വച്ചതിനും അടക്കമുള്ള അബ്കാരി ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്കും കഞ്ചാവ് കൈവശം വച്ചതും കടത്തിക്കൊണ്ട് വന്നതും അടക്കം എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്കുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത കേസുകളിൽ നിയമനടപടികൾ തുടർന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**